**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **19-09-2025 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ബോർഡിന്റെ ഉടമസ്ഥതയിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂരിലുള്ള സ്ഥലത്ത് കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനായി മുൻപ് തീരുമാനം കൈക്കൊണ്ടിരുന്നുവെങ്കിലും ബോർ ഡിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ തുടർനടപടി സ്വീകരിച്ചിരുന്നില്ല. ടി അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യു ന്നതിനായി ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-07-24 ൽ യോഗം ചേരുകയും ടി സ്ഥലം ബോർഡിന് പ്രയോജനകരമാകുന്ന രീതിയിൽ ഉപയോഗിക്കുന്നതിനായി ബോർഡ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം 23-04-25 ൽ കൂടിയ 278-ാമത് ബോർഡ് യോഗത്തിൽ ചർച്ച ചെയ്തിരുന്നു. തുടർന്ന് ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30-06-2025 ൽ കൂടിയ യോഗത്തിൽ ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാദമിയ്ക്കായി ഏറ്റെടുത്ത സ്ഥലത്ത് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡുമായി ബന്ധപ്പെട്ട കണ്ടെയ്നറുകൾ സൂക്ഷിക്കുന്നതിനായി, തറവാടക വാങ്ങി, ടി സ്ഥലം നൽകുന്നത് ഉചിതമായിരിക്കുമെന്നു തീരുമാനിക്കുകയും, ആയതിന്റെ സാധ്യത പരിശോധിച്ച്, ഇക്കാര്യത്തിലുള്ള ബോർഡിന്റെ അഭിപ്രായം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമിയോ സമാനമായ മാറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ചാത്തന്നൂരിലെ ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമിയോ സമാനമായ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂർ മീനാട് വില്ലേജിലുള്ള ഭൂമി മറ്റേതെങ്കിലും സർക്കാർ അല്ലെങ്കിൽ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി വിട്ടുകൊടുക്കുവാൻ ബോർഡ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ചാത്തന്നൂരിലെ ഭൂമി, മറ്റേതെങ്കിലും സർക്കാർ അല്ലെങ്കിൽ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കു ന്നതിനായി വിട്ടുകൊടുക്കാൻ ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ